പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 8400

25.07.2012-ൽ മറുപടിയ്ക്ക്

ഉത്തരവാദ ടൂറിസം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.കെ.ബാലൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. കെ.കെ.ജയചന്ദ്രൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |

| | | | |
|---|---|---|---|
| എ) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഉത്തരവാദ ടൂറിസം പദ്ധതിയുടെ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്. ടൂറിസം കേന്ദ്രങ്ങളുടെ വികസനം തദ്ദേശവാസികൾക്ക് സാമ്പത്തിക-സാമൂഹിക- പാരിസ്ഥിതിക തലത്തിൽ പ്രയോജനപ്പെടുത്തുന്നതിനും , തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സാമ്പത്തിക ലക്ഷ്യത്തിന് ഊന്നൽ നൽകുന്നതിനും ടൂറിസം വികസനത്തിനാവശ്യമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കുടുംബങ്ങളെയും വ്യക്തികളെയും പ്രാപ്തരാക്കുന്നതിനും, സാമൂഹിക-പാരിസ്ഥിതിക തലങ്ങളിലെ ദൂഷ്യഫലങ്ങൾ കുറച്ച് കൊണ്ടു വരുന്നതിനും, സമൂഹത്തിന് പ്രകൃതി, സംസ്കാരം, പാരമ്പര്യം എന്നിവയുമായി പൊരുത്തപ്പെട്ട് ജീവിക്കുവാൻ സാധിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം പദ്ധതികൊണ്ട് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. |
| ബി) | ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്; | ബി) | പരീക്ഷണാടിസ്ഥാനത്തിൽ കോവളം, കുമരകം, തേക്കടി, വയനാട് എന്നിവിടങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| സി) | വിനോദസഞ്ചാരികൾക്ക് കുറ്റമറ്റ തരത്തിൽ സേവനം ഉറപ്പുവരുത്തുന്നതിനും ടൂറിസത്തിന്റെ നേട്ടം തദ്ദേശവാസികൾക്ക് കൂടി പ്രയോജനപ്പെടുത്തുന്നതിനും പ്രസ്തുത പദ്ധതി ഉപകരിച്ചിട്ടുണ്ടോ; | സി) | ഉണ്ട് |
| ഡി) | ഈ സർക്കാരിന്റേ്റ കാലത്ത് ഉത്തരവാദ ടൂറിസം പദ്ധതി എവിടെയെങ്കിലും പുതുതായി ആരംഭിച്ചിട്ടുണ്ടോ? | ഡി) | കുമ്പളങ്ങി, ബേക്കൽ, അമ്പലവയൽ എന്നീ കേന്ദ്രങ്ങളിൽ കൂടി ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ